**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4067** **03-03-2023 - ൽ മറുപടിയ്ക്ക്**

**ഹെൽത്ത് കാർഡുകൾ നൽകുന്നതിനായി കുറ്റമറ്റ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹോട്ടൽ, ബേക്കറി ജീവനക്കാർക്കും പാചക തൊഴിലാളികൾക്കും ഹെൽത്ത് കാർഡ് നിർബന്ധമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിപ്പിച്ചിട്ടുണ്ടോ; | (എ) | Food Safety and Standard Act 2006 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള Food Safety and Standard (Licensing and Registration of Food Business Regulations 2011), 05.08.2011 മുതൽ ഭാരതത്തിലെ എല്ലാ സംസ്ഥാനത്തും നിലവിൽ വരുകയും ഒരു വർഷത്തിനുള്ളിൽ പൂർണ്ണമായി നടപ്പിലാക്കേണ്ടതുമാണ്. ടി ചട്ടങ്ങളുടെ Part 2, Schedule 4 പ്രകാരം മെഡിക്കൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇപ്രകാരം നിർബന്ധമായും ഹെൽത്ത് കാർഡ് ഉണ്ടായിരിക്കേണ്ട എത്ര ജീവനക്കാർ സംസ്ഥാനത്തുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (ബി) | ഇതു സംബന്ധിച്ച കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (സി) | പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണെന്നും ഈ ഉത്തരവ് പ്രകാരം എന്ന് മുതൽക്കാണ് ഹെൽത്ത് കാർഡ് നിർബന്ധമാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (സി) | Food Safety and Standard Act 2006 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള Food Safety and Standard (Licensing and Registration of Food Business Regulations 2011), 05.08.2011 മുതൽ ഭാരതത്തിലെ എല്ലാ സംസ്ഥാനത്തും നിലവിൽ വരുകയും ഒരു വർഷത്തിനുള്ളിൽ പൂർണ്ണമായി നടപ്പിലാക്കേണ്ടതുമാണ്. ടി ചട്ടങ്ങളുടെ Part 2, Schedule 4 പ്രകാരം മെഡിക്കൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് (ഹെൽത്ത് കാർഡ്) നിർബന്ധമാക്കിയിട്ടുണ്ട്.<br><br>നിലവിൽ ഇത് ലഭ്യമല്ലാത്ത ജീവനക്കാർക്ക് സർക്കാർ ആശുപത്രികൾ ഉൾപ്പെടെ ഏതൊരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാരെയും സമീപിച്ച് ആവശ്യമുള്ള പരിശോധനകൾ പൂർത്തീകരിച്ച് നിർദ്ദിഷ്ട പ്രതിരോധ കുത്തിവയ്പുകളും പൂർത്തീകരിച്ചാൽ ആയത് നേടാവുന്നതാണ്.<br><br>ലാബ് പരിശോധനകൾ സർക്കാർ ആശുപത്രികളിലോ, പബ്ലിക് ഹെൽത്ത് |

| | | | |
|---|---|---|---|
| | | | ലാബുകളിലോ പ്രവർത്തക ലൈസൻസുള്ള സ്വകാര്യ ലാബുകളിലോ ചെയ്യാവുന്നതാണ്. |
| (ഡി) | പ്രസ്തുത ഉത്തരവ് ഇറങ്ങിയതിന് ശേഷമുള്ള കുറഞ്ഞ കാലയളവിനുള്ളിൽ ഇത്രയധികം തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് നൽകുന്നതിനായി എന്തൊക്കെ പ്രത്യേക സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (ഡി) | Food Safety and Standard Act 2006 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള Food Safety and Standard (Licensing and Registration of Food Business Regulations 2011), 05.08.2011 മുതൽ ഭാരതത്തിലെ എല്ലാ സംസ്ഥാനത്തും നിലവിൽ വരുകയും ഒരു വർഷത്തിനുള്ളിൽ പൂർണ്ണമായി നടപ്പിലാക്കേണ്ടതുമാണ്. ടി ചട്ടങ്ങളുടെ Part 2, Schedule 4 പ്രകാരം മെഡിക്കൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് (ഹെൽത്ത് കാർഡ്) നിർബന്ധമാക്കിയിട്ടുണ്ട്.<br><br>നിലവിൽ ഇത് ലഭ്യമല്ലാത്ത ജീവനക്കാർക്ക് സർക്കാർ ആശുപത്രികൾ ഉൾപ്പെടെ ഏതൊരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാരെയും സമീപിച്ച് ആവശ്യമുള്ള പരിശോധനകൾ പൂർത്തീകരിച്ച് നിർദ്ദിഷ്ട പ്രതിരോധ കുത്തിവയ്പുകളും പൂർത്തീകരിച്ചാൽ ആയത് നേടാവുന്നതാണ്.<br><br>ലാബ് പരിശോധനകൾ സർക്കാർ ആശുപത്രികളിലോ, പബ്ലിക് ഹെൽത്ത് ലാബുകളിലോ പ്രവർത്തക ലൈസൻസുള്ള സ്വകാര്യ ലാബുകളിലോ ചെയ്യാവുന്നതാണ്. |
| (ഇ) | പരിശോധന കൂടാതെ ഹെൽത്ത് കാർഡുകൾ നൽകിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള എത്ര കേസുകളാണ് ഇതിനോടകം റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ; | (ഇ) | ഉണ്ട്. പരിശോധന കൂടാതെ മെഡിക്കൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നൽകിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ 3 കേസുകളാണ് നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. |
| (എഫ്) | ഹെൽത്ത് കാർഡ് കൈവശമില്ലാത്തതിന്റെ പേരിൽ ഇതിനോടകം എത്രപേരുടെ പേരിലാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ; | (എഫ്) | പരിശോധന സമയത്ത് മെഡിക്കൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് **(**ഹെൽത്ത് കാർഡ്**)** ഹാജരാക്കിയിട്ടില്ല എങ്കിൽ നിശ്ചിത സമയപരിധിക്കുള്ളിൽ അത് ഹാജരാക്കുവാൻ നോട്ടീസ് നൽകി വരുന്നു. ആയത് ഇല്ലാത്തതും മറ്റ് ന്യൂനതകൾ കണ്ടെത്തിയതുമായ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. |
| (ജി) | പരാതികൾക്ക് ഇടനൽകാതെ കുറ്റമറ്റ രീതിയിൽ ഹെൽത്ത് കാർഡുകൾ നൽകുന്നതിനായി പ്രത്യേക സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ജി) | നിലവിൽ മെഡിക്കൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് **(**ഹെൽത്ത് കാർഡ്) ലഭ്യമല്ലാത്ത ജീവനക്കാർക്ക് സർക്കാർ ആശുപത്രികളിൽ ഉൾപ്പെടെ ഏതൊരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാരെയും സമീപിച്ച് ആവശ്യമുള്ള പരിശോധനകൾ പൂർത്തീകരിച്ച് നിർദ്ദിഷ്ട പ്രതിരോധ കുത്തി വയ്പുകൾ എടുക്കുന്ന മുറയ്ക്ക് ആയത് നേടാവുന്നതാണ്. ലാബ് പരിശോധനകൾ |

| | | | |
|---|---|---|---|
| | | | സർക്കാർ ആശുപത്രികളിലോ, പബ്ലിക് ഹെൽത്ത് ലാബുകളിലോ പ്രവർത്തന ലൈസൻസുള്ള സ്വകാര്യ ലാബുകളിലോ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ